## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 8283

17.07.2014 ലെ മറുപടിക്ക്

### "വൺഡേ ടൂറിസം പാക്കേജ്"

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ

എ) കാലടി, മലയാറ്റൂർ തുടങ്ങിയ പഞ്ചായത്തുകളെയും മണപ്പാട്ടുചിറ, പ്ലാന്റേഷൻ, ഏഴാറ്റുമുഖം, അതിരപ്പിള്ളി, മഹാഗണിത്തോട്ടം, കോടനാട് തുടങ്ങിയ പ്രദേശങ്ങളെയും ഉൾക്കൊള്ളിച്ച് കൊണ്ട് "വൺഡേ ടൂറിസം പാക്കേജ്" ന് രൂപം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

ബി) പ്രസ്തുത പ്രദേശങ്ങളിലേക്കുള്ള കാലടി-മലയാറ്റൂർ റോഡ്, മഞ്ഞപ്ര-നടുവട്ടം, മലയാറ്റൂർ, ഏഴാറ്റുമുഖം, അതിരപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിനായി ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ;

സി) ഏഴാറ്റുമുഖത്തേയും തുമ്പൂർമുഴിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന തൂക്കുപാലത്തിന്റെയും മഹാഗണിത്തോട്ടത്തിന്റെയും, ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തിന്റെയും നിർമ്മാണത്തിനും നവീകരണത്തിനും നടപടി സ്വീകരിക്കുമോ;

ഡി) മഹാഗണിത്തോട്ടത്തെ എക്കോ ടൂറിസം സെന്ററാക്കി വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) വൺഡേ ടൂറിസം പാക്കേജ് പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. സാധ്യമായ പദ്ധതി നിർദ്ദേശം ഉയർന്നുവന്നാൽ അത് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാൻ വിനോദസഞ്ചാര വികസന കോർപ്പറേഷനോട് ആവശ്യപ്പെടുന്നതാണ്.

ബി) പദ്ധതി നിർദ്ദേശം ലഭിച്ചാൽ അതിന്റെ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

സി) ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തേയും തുമ്പൂർമുഴിയേയും ബന്ധിപ്പിച്ചുകൊണ്ടുള്ള തൂക്കുപാലത്തിന് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം പദ്ധതി പുരോഗമിച്ചു വരികയുമാണ്.

ഡി) മഹാഗണിത്തോട്ടത്തെ എക്കോ ടൂറിസം സെന്ററാക്കി വികസിപ്പിക്കുന്നത് സംബന്ധിച്ച് ശുപാർശ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ